**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **30-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി കിഫ്ബി വഴിയും മറ്റ പദ്ധതികൾ വഴിയും ഈ സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആരോഗ്യ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, കൊച്ചിൻ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ ട്രാൻസ് പ്ലാന്റ്, ആയുഷ് (IRIA) എന്നീ വിവിധ വകുപ്പ് /സ്ഥാപനങ്ങളിൽ കിഫ്ബി മുഖാന്തിരമുള്ള ധന സഹായത്തോടു കൂടിയ 98 പദ്ധതികൾക്കായി ആകെ 9414.42 കോടി (ഒൻപതിനായിരത്തി നാലായിരത്തി പതിനാല് കോടി നാൽപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾക്കായി കിഫ്ബിയിൽ നിന്നും നാളിതുവരെ ആകെ 2267.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പദ്ധതി ഇനത്തിൽ 2021-2025 കാലയളവിൽ ആകെ 1274,61,81,415/-രൂപ ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നബാർഡ് പ്രോജക്ടുമായി ബന്ധപ്പെട്ട് 2021-25 കാലയളവിൽ **77,86,09,820/-** രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>കൂടാതെ കെ.ഡി.പി പാക്കേജ് മുഖേന കാസർഗോഡ് മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിൽ 2021-25 ൽ **4,01,86,557/-** രൂപയും 2021-25 ൽ റസിഡൻഷ്യൽ ഫെസിലിറ്റീസിനായി **26,86,77,087/-** രൂപയും ചെലവഴിച്ചിട്ടുണ്ട് .<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ **2021-25** കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ **92,56,82,498/-** രൂപ ചെലവഴിച്ചിട്ടുണ്ട് . |

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പ്ലാൻ ഫണ്ടുകളിലായി ആകെ 37979.22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 2021-25 കാലഘട്ടത്തിൽ നബാർഡ് ട്രാഞ്ചേ 27 മുതൽ 30 വരെ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 12 നിർമ്മാണ പ്രവർത്തികൾക്കായി 1,833.99ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

റീജിയണൽ കാൻസർ സെന്ററിൽ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി പദ്ധതിയിനത്തിൽ 17518.15 ലക്ഷം രൂപയും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി റോബോട്ടിക് സർജ്ജറി യൂണിറ്റ് സ്ഥാപിക്കുന്നതിനായി ആകെ 3214.99 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

മലബാർ കാൻസർ സെന്ററിൽ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി 2021-22 മുതൽ 2025-26 വരെ പ്ലാൻ ശീർഷകത്തിൽ ആകെ 75.41 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിൽ റോബോട്ടിക് കാൻസർ സംവിധാനം സ്ഥാപിക്കുന്നതിനായി 30 കോടി രൂപയും ഡിജിറ്റൽ പാത്തോളജി ലാബിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി 1.96 കോടി രൂപയും വിവിധ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി 4.73 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കെ.എം.എസ്.സി.എൽ - മുഖേന സംസ്ഥാനത്തെ വിവിധ നിയോജക മണ്ഡലങ്ങളിൽ കിഫ്ബി ഫണ്ടും എം.എൽ.എ ഫണ്ടും തുല്യമായി വിനിയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന ഐസോലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി നാളിതുവരെ 94.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയ വകയിൽ കിഫ്ബി വഴി ആകെ 326.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എം.എസ്.സി.എൽ വഴി മറ്റ് പദ്ധതികൾക്കായി 157.08 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എൻ എച്ച് എം മുഖേനെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 164 സ്ഥാപനങ്ങളിൽ ROP ഫണ്ടിൽ അംഗീകാരം ലഭിച്ച

| | | | |
|---|---|---|---|
| | | | 239.64 കോടി രൂപ വിനിയോഗിച്ച് നിർമ്മാണ-നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. PM-ABHIM പദ്ധതിയിൽ ഉൾപ്പെടുത്തി 9 ജില്ലകളിൽ പബ്ലിക് ഹെൽത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 7.6 കോടി രൂപ വിനിയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.<br>ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ല/ ജനറൽ ആശുപത്രികളിലെ ഓ.പി പരിവർത്തന പ്രവൃത്തികൾ 13.43 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 25 താലൂക്കാശുപത്രികളിലെ ഓ.പി പരിവർത്തന പ്രവൃത്തികൾ 24.32 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 107 സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തികൾ 31.10 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 740 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രവർത്തികൾ 101 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. ഇവ കൂടാതെ സംസ്ഥാനത്തെ 1212 സബ് സെന്ററുകളെ ഒരു സ്ഥാപനത്തിന് 7 ലക്ഷം രൂപ നിരക്കിൽ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ച ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. |
| (ബി) | 2011-2016, 2016-2021 എന്നീ കാലയളവുകളിൽ പ്രസ്തുത മേഖലയിൽ ചെലവഴിച്ച തുകകൾ തമ്മിൽ താരതമ്യം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | 2011-2016 കാലയളവിൽ കിഫ്ബി വഴി വികസന പദ്ധതികൾ ഒന്നും തന്നെയില്ല.<br>2011-2016, 2016-2021 എന്നീ കാലയളവുകളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ അനുവദിക്കപ്പെട്ട സംസ്ഥാന പദ്ധതി/പദ്ധതിയേതര ഫണ്ടുകളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ആരോഗ്യ മേഖലയിൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് വഴി നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ; | (സി) | മലപ്പുറം ജില്ലയിലെ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ വെള്ളപ്പൊക്കത്തിൽ തകർന്ന കെട്ടിടത്തെ റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് പുനർ നിർമ്മിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നിവയിൽ റീബിൽഡ് കേരള ഇനീഷ്യറ്റീവിന്റെ ഭാഗമായി റോബോട്ടിക് സർജറി സിസ്റ്റവും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ആരോഗ്യസ്ഥാപനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ വകുപ്പ് മേധാവി തലത്തിലും സർക്കാർ തലത്തിലും അവലോകനയോഗം കൂടുകയും |

| | | | |
|---|---|---|---|
| | | | വ്യക്തമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഏജൻസിയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Year | Health Sector (Total) | |
|---|---|---|
| | Plan & Non Plan (in crores) | |
| | **Outlay** | **Exp.** |
| 2011-12 | 2739.92 | 2901.13 |
| 2012-13 | 3301.69 | 3255.32 |
| 2013-14 | 3837.55 | 3652.03 |
| 2014-15 | 4530.61 | 4239.57 |
| 2015-16 | 5600.82 | 4777.39 |
| **Total (2011-16)** | **20010.59** | **18825.44** |
| 2016-17 | 5695.96 | 6001.80 |
| 2017-18 | 6834.91 | 6908.57 |
| 2018-19 | 7255.35 | 7267.17 |
| 2019-20 | 7237.27 | 7557.43 |
| 2020-21 | 7866.28 | 8916.82 |
| **Total (2016-21)** | **34889.77** | **36651.79** |
| 2021-22 | 10363.54 | 12080.82 |
| 2022-23 | 9976.90 | 10255.59 |
| 2023-24 | 9939.53 | 9586.12 |
| 2024-25 | 10091.67 | 9587.90 |
| | | (2024-25 RE) |
| 2025-26 | 10877.97 | |
| **Total (2021-26)** | **51249.61** | **41510.43** |

**സെക്ഷൻ ഓഫീസർ**